ദിവസവേതനാടിസ്ഥാനത്തിൽ 89 ദിവസം ജോലി നൽകുകയും പിന്നെ ഒരു ദിവസത്തെ ബ്രേക്ക് നൽകി ഈ പ്രക്രീയ ആവർത്തിക്കുകവഴി വർഷങ്ങളോളം ജോലിയിൽ തുടരാൻ അനുവദിക്കുകയും ഇതുവഴി പി.എസ്.സി ലിസ്റ്റിൽ ഉള്ള ഉദ്യോഗാർത്ഥികൾക്ക് അർഹമായ നിയമനം നിഷേധിക്കുകയും ചെയ്യുന്നു എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെ എന്തു നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

എൽ.ഡി. ക്ലാർക്ക് ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി

60 (2876) ശ്രീ. ബാബു. എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പല ഡിപ്പാർട്ടുമെന്റുകളിലും ഉയർന്ന തസ്തികകൾ പ്രൊമോഷൻവഴി നികത്താതെ ഒഴിച്ചിടുന്നതുമൂലം ഫീഡർ തസ്തികയായ എൽ.ഡി.ക്ലാർക്ക് തസ്തികകളിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യപ്പെടുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉയർന്ന തസ്തികകളിലേക്ക് സമയബന്ധിതമായി പ്രൊമോഷൻ നൽകി അവ നികത്തുന്നതിനും അതുവഴി എൽ.ഡി.ക്ലാർക്ക് തസ്തികകളിൽ വരുന്ന ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട ചെയ്യുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ ;

(സി) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) കോടതി വിധി, സീനിയോറിറ്റി തർക്കങ്ങൾ, യോഗ്യരായ ജീവനക്കാരുടെ അഭാവം എന്നിവ പ്രൊമോഷൻ നൽകുന്നതിന് തടസ്സമാകുന്ന ചില കാരണങ്ങളാണ്. ഇത്തരം തടസ്സങ്ങൾ ഒഴിവാക്കി റിട്ടയർമെന്റ്, പ്രൊമോഷൻ

LIBRARY ARCHIVES Kerala Legislative Assembly

എന്നിവമൂലം എൻടി കേഡറിൽ ഉണ്ടാകാൻ സാധ്യതയുള്ള ഒരു വർഷത്തെ എല്ലാ പ്രതീക്ഷിത ഒഴിവുകളും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ കാലാകാലങ്ങളിൽ സർക്കാർ സർക്കുലറുകൾ പുറപ്പെടുവിക്കുന്നുണ്ട്. ഇതുകൂടാതെ നിലവിലുള്ള ഒഴിവുകൾ റിപ്പോർട്ട് ചെയ്യാനും സർക്കാർ എല്ലാ നിയമനാധികാരികൾക്കും വകുപ്പുമേധാവികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

വയനാട് എൽ.ഡി. ടൈപ്പിസ്റ്റ് റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനം

61 (2879) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് എൽ.ഡി.ടൈപ്പിസ്റ്റ് റാങ്ക് ലിസ്റ്റ് നിലവിൽ വന്ന് മൂന്ന് വർഷം കഴിഞ്ഞിട്ടും മറ്റു ജില്ലകളെ അപേക്ഷിച്ച് നിയമനം വളരെ കുറവാണ് നടന്നിട്ടുള്ളത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കഴിഞ്ഞ എൽ.ഡി. ടൈപ്പിസ്റ്റ് ലിസ്റ്റിൽ നിന്നും എത്ര പേർക്കാണ് നിയമനം നൽകിയത് എന്ന് അറിയിക്കാമോ ;

(സി) നിലവിലുള്ള ലിസ്റ്റിൽ നിന്നും ഇതുവരെ എത്ര പേർക്ക് നിയമനം നൽകിയെന്നും നിലവിൽ എത്ര ഒഴിവുകൾ ഉണ്ടെന്നും അറിയിക്കുമോ ;

(ഡി) ഹെഡ് ക്വാർട്ടേഴ്സ് ഒഴിവുകൾ ഉൾപ്പെടെ വേഗത്തിൽ റിപ്പോർട്ട് ചെയ്ത് നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) 194 പേർക്ക് നിയമന ശിപാർശ നൽകി.

(സി) 68 പേർക്ക് നിയമന ശിപാർശ നൽകി. റിപ്പോർട്ട് ചെയ്യപ്പെട്ട ഒരു ഒഴിവ് നിലവിലുണ്ട്. ആയതിലേക്ക് ഉടൻ നിയമന ശിപാർശ നൽകുന്നതാണ്.

(ഡി) നിലവിലുള്ളതും ഉണ്ടാകുന്നതുമായ ഒഴിവുകൾ അതാതു മാസം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ എല്ലാ വകുപ്പുമേധാവികൾക്കും നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly